(സി) കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) ഇല്ല.

(സി) ബാധകമല്ല.

8 (*243) സാക്ഷരതാ മിഷന്റെ തുടർ വിദ്യാഭ്യാസ പദ്ധതി

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാ മിഷന്റെ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പുരോഗതി എന്തെന്ന് അറിയിക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ മാതൃകാ വികസന വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സാക്ഷരതാമിഷന്റെ 'അക്ഷരശ്രീ' പ്രോജക്ടിന് ദേശീയ സാക്ഷരതാമിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സാക്ഷരതാ പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യവർഷം തന്നെ 3500 തുടർവിദ്യാ കേന്ദ്രങ്ങളും 500 വികസന വിദ്യാകേന്ദ്രങ്ങളും ആരംഭിക്കുകയുണ്ടായി. ഇവയിലൂടെ ഒരു പ്രദേശത്തെ പ്രസക്തമായ പരിശീലന പരിപാടികളും, സാക്ഷരതാ പ്രവർത്തനങ്ങളും നിരക്ഷരർക്ക് വേണ്ടിയുള്ള തുല്യതാപ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. തൊഴിൽ രംഗത്ത് മാർഗ്ഗനിർദ്ദേശം നൽകാനായി നിരവധി പുസ്തകങ്ങളും പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) മാതൃകാ വികസനകേന്ദ്രങ്ങൾ എല്ലാ ജില്ലയിലും രണ്ടെണ്ണം വീതമാണ് പ്രവർത്തിക്കുക. അതിന് ഫണ്ട് അനുവദിച്ചുകഴിഞ്ഞു. ഇടുക്കി, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കേന്ദ്രങ്ങൾ ആരംഭിച്ചു. മറ്റു ജില്ലകളിൽ കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) 'അക്ഷരശ്രീ' പ്രോജക്ടിന് ദേശീയ സാക്ഷരതാ മിഷന്റെ അനുമതി ഇനിയും ലഭിച്ചിട്ടില്ല.

9 (*244) ഹിൽഹൈവേ നിർമ്മിക്കുന്നതിന് സാദ്ധ്യതാപഠനം

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. പി. രാഘവൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിൽ ഹൈവേ നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഹിൽഹൈവേയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിർമ്മാണം പ്രാവർത്തികമാക്കുന്നപക്ഷം ആയതിന് എത്ര കിലോമീറ്റർ ദൂരം പുതിയ റോഡ് നിർമ്മിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) നിലവിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തി ഹിൽഹൈവേയോട് ചേർക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ ദൂരം ഇപ്രകാരം ചേർക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഹിൽഹൈവേയുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ആവശ്യമായി വരുമോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)മുതൽ(എഫ്)വരെ തിരുവനന്തപുരം ജില്ലയിലെ കടുക്കറയിൽ തുടങ്ങി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവിൽ അവസാനിക്കുന്ന 700 കിലോമീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട മലയോര ഹൈവേയെ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സാദ്ധ്യതാ പഠനമൊന്നും അടുത്തകാലത്ത് നടത്തിയിട്ടില്ല. 200 കിലോമീറ്റർ ദൈർഘ്യം വരുന്ന പുതിയ റോഡുകൾ നിർമ്മിച്ചു ബാക്കി ഭാഗം നിലവിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തിയുമാണ് സംസ്ഥാന ഹൈവേയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഈ റോഡ് നിർമ്മിക്കുക. അത്യാവശ്യം വേണ്ട ജോലികൾ ചെയ്യേണ്ട സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തിവരുന്നു. കേന്ദ്ര സർക്കാരിന് ഇത് സംബന്ധിച്ച് പ്രത്യേക പദ്ധതികളൊന്നും ഉള്ളതായി അറിവില്ല.

10 (*245) സൗജന്യ ഭവന നിർമ്മാണപദ്ധതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാത്തൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുർബലവിഭാഗങ്ങൾക്കും പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും സൗജന്യഭവന നിർമ്മാണ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കുമോ;

(സി) സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് പദ്ധതിയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് കൂടി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) ദുർബല വിഭാഗക്കാർക്കുവേണ്ടി താഴെപ്പറയുന്ന സൗജന്യ നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly